# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 23**

---

## നാക്ക് ഗ്രേഡിംഗ് നേട്ടത്തിലേക്ക് നയിച്ചവർക്ക് സർവകലാശാലയുടെ ആദരം

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ മഹാത്മാ ഗാന്ധി സർവകലാശാലയെ എ ഡബിൾ പ്ലസ് നേട്ടത്തിലേക്ക് നയിച്ചവർക്ക് സർവകലാശാലയുടെ ആദരം.

അസംബ്ലി ഹാളിൽ നടന്ന ചടങ്ങ് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. പഠന വകുപ്പുകളുടെയും മറ്റു വിഭാഗങ്ങളുടെയും മേധാവികൾ, റിസർച്ച് സ്കോളർമാർ, വിദ്യാർഥികൾ, കമ്മിറ്റി കൺവീനർമാർ, അംഗങ്ങൾ, ഐ.ക്യു.എ.സി വിഭാഗത്തിലെ ഉദ്യോഗസ്ഥർ തുടങ്ങിവർക്ക് അദ്ദേഹം ഉപഹാരം സമ്മാനിച്ചു.

ഐ.ക്യു.എ.സി ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ഡോ.ബീന മാത്യു, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ഫിനാൻസ് ഓഫീസർ ബിജു മാത്യു, ഐ.ക്യു.എ.സി ജോയിന്റ് ഡയറക്ടർ ഡോ.വി.പി. സൈലസ് തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**
മഹാത്മാ ഗാന്ധി സർവകലാശാലയെ നാക് എ ഡബിൾ പ്ലസ് ഗ്രേഡ് നേട്ടത്തിലേക്ക് നയിച്ചവരെ ആദരിക്കുന്ന ചടങ്ങ് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.
(പി.ആർ.ഒ/39/638/2024)

## പ്രാക്ടിക്കൽ

എട്ടാം സെമസ്റ്റർ ബിഎച്ച്എം (2016 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2013 മുതൽ 2015 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് പഴയ സ്കീം ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 26 ന് പാലാ, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

...........................................

രണ്ടാം സെമസ്റ്റർ ബിഎസ്സി കെമിസ്ട്രി, ഇൻഡസ്ട്രിയൽ കെമിസ്ട്രി (സിബിസിഎസ് പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ

ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മേയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഏഴ് മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ ബിസിഎ, ബിഎഎസ്സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 ട്രിപ്പിൾ മെയിൻ സിബിസിഎസ്( പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ് 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ സോഫ്റ്റ്വെയർ ലാബ് പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 25,26 തീയതികളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/639/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എംഎസ്സി സുവോളജി (ഡിസംബർ 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് ആറു വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

ഒന്നാം സെമസ്റ്റർ എംഎ മലയാളം പിജിസിഎസ്എസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഡിസംബർ 2024) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് ഏഴു വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/640/2024)

## പരീക്ഷക്ക് അപേക്ഷിക്കാം

ഏഴാം സെമസ്റ്റർ ബിആർക്ക് (2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് 16ന് അരംഭിക്കും.
ജൂലൈ 31 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് രണ്ടിന് ഫൈനോടു കൂടിയും ഓഗസ്റ്റ് ആറിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

..........................................

എട്ടാം സെമസ്റ്റർ ബിആർക്ക് പ്രൊഫഷണൽ ട്രെയിനിംഗിന് (2020 അഡ്മിഷൻസ് റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി ) ജൂലൈ 31 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് രണ്ടിന് ഫൈനോടു കൂടിയും ഓഗസ്റ്റ് ആറിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

..........................................

ഏഴ്, എട്ട് സെമസ്റ്റർ ബിആർക്ക് (2014മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ) പ്രാക്ടിക്കലിനും ഡസറ്റേഷനും ജൂലൈ 31 വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഓഗസ്റ്റ് രണ്ടിന് ഫൈനോടു കൂടിയും ഓഗസ്റ്റ് ആറിന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.
(പി.ആർ.ഒ/39/641/2024)

## ടോട്ടൽ സ്റ്റേഷൻ, ഡിജിപിഎസ്, ഓട്ടോലെവൽ സർവേ ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ ആർ. സതീഷ് സെന്റർ ഫോർ റിമോട്ട് സെൻസിംഗ് ആന്റ് ജി.ഐ.എസ് നടത്തുന്ന ടോട്ടൽ സ്റ്റേഷൻ, ഡിജിപിഎസ്, ഓട്ടോ ലെവൽ സർവേ ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സിൽ ഏതാനും സീറ്റുകൾ

ഒഴിവുണ്ട്.

സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ആധുനിക സർവേയിംഗ് ഉപകരണങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ തൊഴിലധിഷ്ഠിത പരിശീലനമാണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപേക്ഷ കൾ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 30. കൂടുതൽ വിവരങ്ങൾ വെബ്സൈറ്റിൽ(https://ses.mgu.ac.in)ഫോൺ–8848343200, 8590282951, 9446767451, 6282023170

(പി.ആർ.ഒ/39/642/2024)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ എംഎ ആന്ത്രപ്പോളജിയിൽ ജനറൽ വിഭാഗത്തിൽ സീറ്റുകൾ ഒഴിവുണ്ട്. താത്പര്യമുള്ളവർ ജൂലൈ 25ന് രാവിലെ 10ന് അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം. ഫോൺ–9995203470.

……………………………………

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ എംഎ പൊളിറ്റിക്സ് ആന്റ് ഇൻറർനാഷണൽ റിലേഷൻസ് പ്രോഗ്രാമിൽ പട്ടിക ജാതി വിഭാഗത്തിന് സംവരണം ചെയ്ത ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ യോഗ്യതാ രേഖകളുടെ അസ്സലുമായി ജൂലൈ 25ന് രാവിലെ 11ന് വകുപ്പ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/643/2024)

## പരീക്ഷാ തീയതി

എം.ജി സർവകലാശാലയുടെ സ്കൂൾ ഓഫ് ലീഗൽ തോട്ടിലെ പഞ്ചവത്സര ബിബിഎ എൽഎൽബി ഓണേഴസ് (2015 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2012,2013 അഡ്മിഷനുകൾ അവസാന മെഴ്സി ചാൻസ്) ഏഴാം സെമസ്റ്റർ മുതൽ പത്താം സെമസ്റ്റർ വരെയുള്ള പരീക്ഷകൾ ഓഗസ്റ്റ് അഞ്ച് മുതൽ ആരംഭിക്കും.

(പി.ആർ.ഒ/39/644/2024)

## ഡിപ്ലോമ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസും (ഐയുസിഡിഎസ്) ചങ്ങനാശേരിയിലെ സുകൃതം ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായി ഡിപ്ലോമ ഇൻ പാലിയേറ്റീവ് ആന്റ് സ്പെഷ്യൽ നീഡ് കെയർ അസിസ്റ്റന്റ് എന്ന കോഴ്സ് ആരംഭിക്കുന്നു. പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയു ള്ളവർക്ക് പഠിക്കാം. ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഉണ്ടാകും. ഫോൺ –8547165178,8848947428. ഇമെയിൽ– iudsmgu@mgu.ac.in.

(പി.ആർ.ഒ/39/645/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**